(ബി) സംസ്ഥാനതലത്തിൽ രോഗചികിത്സയുടെ വിജയശതമാനം 86% ആണ്. ആയത് ദേശീയലക്ഷ്യത്തിനൊപ്പമാണ്. എന്നാൽ പഴയ ക്ഷയ രോഗ നിയന്ത്രണ പരിപാടിയിൽ 30% രോഗികൾ മാത്രമേ ചികിത്സ പൂർത്തി യാക്കിയിട്ടുള്ളൂ.

(സി) ഉണ്ട്.

1994-ൽ പൈലറ്റ് പ്രോജക്ടായി പത്തനംതിട്ട ജില്ലയിലാണ് ആദ്യം ഇത് നടപ്പിലാക്കിയത്. തുടർന്ന് 1998 ഒക്ടോബർ മാസം മുതൽ തിരുവനന്ത പുരം, കോട്ടയം, മലപ്പുറം, കണ്ണൂർ, തൃശൂർ, വയനാട്, എന്നീ ജില്ലകളിൽ കൂടി ഈ പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട്, പാലക്കാട്, കാസർഗോഡ്, കൊല്ലം എന്നീ നാല് ജില്ലകളിൽ ഈ പ്രോഗ്രം ഈ വർഷം ആരംഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. 11 ജില്ലകളിലും ഈ പ്രോഗ്രാം നടപ്പിലാക്കി കഴിഞ്ഞു. ശേഷിക്കുന്ന മൂന്നു ജില്ലകളിൽ കൂടി ഈ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി മെഡിക്കൽ ഓഫീസർമാർക്ക് പരിശീലനം നൽകി കഴിഞ്ഞു. മറ്റു പാരാമെഡി ക്കൽ സ്റ്റാഫിനുള്ള പരിശീലന പരിപാടികൾ നടന്നുവരുന്നു. കൂടാതെ ഓരോ 5 ലക്ഷം ജനസംഖ്യക്കും ഒരു ടി.ബി. യൂണിറ്റ് എന്ന നിലയിൽ വേണ്ട യൂണി റ്റുകൾ അനുവദിക്കുകയും, പ്രസ്തുത യൂണിറ്റിൽ ഒരു സീനിയർ ട്രീറ്റ്മെന്റ് സൂപ്പർവൈസർ, ഒരു സീനിയർ ടി.ബി.ലബോറട്ടറി സൂപ്പർവൈസർ എന്നി വരെ നിയമിക്കുകയും ചെയ്തു കഴിഞ്ഞു.

(ഇ) ഉണ്ട്. ജില്ലാതലത്തിൽ അംഗൻവാടി വർക്കർമാർക്കും, വോളൻണ്ടറി പ്രവർത്തകർക്കും പരിശീലനവും നൽകുന്നുണ്ട്. ലഘുലേഖ കൾ വിതരണം ചെയ്തും പോസ്റ്ററുകൾ, ബാനറുകൾ, സ്റ്റിക്കറുകൾ എന്നിവ വഴിയും ബോധവൽക്കരണം നടത്തുന്നു. സംസ്ഥാനതലത്തിൽ സെമിനാറു കൾ സംഘടിപ്പിക്കുകയും മെറ്റാലിക് പോസ്റ്ററുകൾ നിർമ്മിച്ച് എല്ലാ ആശുപ ത്രികളിലും പ്രദർശിപ്പിക്കുകയും ചെയ്തു കഴിഞ്ഞു. ലോക ക്ഷയരോഗദിന ത്തിൽ ബോധവൽക്കരണപരിപാടികളും നടത്തിവരുന്നു. വർഷംതോറും മാർച്ച് 24-ാം തീയതി ലോക ക്ഷയരോഗദിനമായി ആചരിക്കുന്നു.

(എഫ്) സംസ്ഥാനത്തെ ക്ഷയരോഗികളെ കണ്ടുപിടിക്കാനും റിപ്പോർട്ട് ചെയ്യാനും ജില്ലാതലത്തിൽനിന്നും താഴ്ന്നതലത്തിലേയ്ക്കും പരിപാടി വികേന്ദ്രീകരിച്ചിട്ടുണ്ട്. ഓരോ ലക്ഷം ജനസംഖ്യയ്ക്കും ഒരു മൈക്രോസ് കോപ്പിക് സെന്ററും ഓരോ 5 ലക്ഷം ജനസംഖ്യയ്ക്ക് ഒരു ടി.ബി യൂണിറ്റും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമേ ഇ.എസ്.ഐ. ആശുപത്രിക ളിലും പ്രധാനപ്പെട്ട പ്രൈവറ്റ് ആശുപത്രികളിലും മെഡിക്കൽ കോളേജുക ളിലും ഈ പ്രോഗ്രാം ഉൾപ്പെടുത്താൻ തീരുമാനമായിട്ടുണ്ട്. ഇതിനായി ഡോക്ടർമാർക്കും, ലാബ് ടെക്നീഷ്യൻമാർക്കും പരിശീലനം നൽകാൻ നട പടികൾ ആരംഭിച്ചു കഴിഞ്ഞു.

സംസ്ഥാനത്തെ ഭക്ഷ്യധാന്യ ശേഖരം

16 (*166)ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :

ശ്രീ. പി.എസ്. സുപാൽ :

ശ്രീമതി ആർ. ലതാദേവി :

ശ്രീ. ജോസ് ബേബി :

ശ്രീ. യു.എസ്. ശശി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1180/2010.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഇപ്പോൾ മൊത്തം എത്ര ടൺ ഭക്ഷ്യധാന്യ ശേഖരമുണ്ട്;

(ബി) സബ്സിഡി പിൻവലിച്ചതോടെ ഈ ഭക്ഷ്യധാന്യം വിറ്റഴിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടോ;

(സി) ഉണ്ടെങ്കിൽ സർക്കാർ എന്തുനടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) സംസ്ഥാനത്ത് ഫുഡ് കോർപ്പറേഷൻ ഡിപ്പോകളിൽ 19.6.2000-ൽ 432073 ടൺ അരിയും, 151970 ടൺ ഗോതമ്പും മൊത്ത ചില്ലറ വിതരണ കേന്ദ്രങ്ങളിലായി 66626 ടൺ അരിയും 4606 ടൺ ഗോതമ്പും (10.6.2000-ൽ അവസാനിച്ച ആഴ്ച) ശേഖരമുണ്ട്.

(ബി)&(സി)കേന്ദ്ര സർക്കാർ 1.4.2000 മുതൽ റേഷൻ സാധനങ്ങൾക്കുള്ള സബ്സിഡി പിൻവലിച്ചതോടെ, ഭക്ഷ്യധാന്യവിതരണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് നൽകിയിരുന്ന അരിയുടെ വിൽപനയിലാണ് കുറവുവന്നത്. ഭക്ഷ്യധാന്യവിതരണം വർദ്ധിപ്പിക്കുന്നതിനായി 11.6.2000 മുതൽ ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവർക്ക് സംസ്ഥാന സർക്കാർ കിലോഗ്രാമിന് 2 രൂപാ സബ്സിഡി നൽകി (12 രൂപ 40 പൈസ വിലയുള്ള അരി) 10 രൂപ 40 പൈസയ്ക്ക് പ്രതിമാസം 16 കിലോഗ്രാം അരി വിതരണം ചെയ്യുന്നുണ്ട്.

മേജർ ആശുപത്രികളിൽ അത്യാഹിത വിഭാഗം ആരംഭിക്കുന്നതിന് നടപടി

17 (*167)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നതിനാൽ സംസ്ഥാനത്തെ മേജർ ആശുപത്രികളിൽ അത്യാഹിതവിഭാഗം ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ ഇതിനായി കഴിഞ്ഞ വർഷം എന്തുതുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്;

(സി) കഴിഞ്ഞ വർഷത്തെ ബഡ്ജറ്റു തുക ഉപയോഗിച്ച് എത്ര ആശുപത്രികളിൽ അത്യാഹിത വിഭാഗം ആരംഭിച്ചു;

(ഡി) ഈ വർഷം അത്യാഹിതവിഭാഗം ആരംഭിക്കുന്നതിന് എന്ത് തുക വകയിരുത്തിയിട്ടുണ്ട്;

(ഇ) ഈ സാമ്പത്തികവർഷം എത്ര സ്ഥാപനങ്ങളിൽ അത്യാഹിത വിഭാഗം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) ഉണ്ട്. കേന്ദ്രഗവണ്മെന്റിന്റെ ആഭിമുഖ്യത്തിലും സംസ്ഥാന ഗവണ്മെന്റിന്റെ ആഭിമുഖ്യത്തിലും ഇതിലേയ്ക്കായി നടപടികൾ സ്വീകരിച്ചു വരുന്നു. ഘട്ടംഘട്ടമായി നടപ്പിലാക്കിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly